# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ




**കോമളംപാലം, അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ**

**പത്തനംതിട്ട ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**പൊതുമരാമത്ത് (പാലം) വിഭാഗം,**
**ആലപ്പുഴ**

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), പത്തനംതിട്ട


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി ഔട്ട്റീച്ച്**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104
ഫോൺ: 0484 2911332/2550785
outreach@rajagiri.edu
www.rajagirioutreach.in


**30 ജൂലൈ 2026**

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിന്‍റെ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിന്‍റെ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

## അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിന്റെ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

## അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

## അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

## അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

8.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

## അദ്ധ്യായം 9: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

9.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

## അദ്ധ്യായം 10 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

10.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**അദ്ധ്യായം 11: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

11.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

11.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

11.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ പ്രവർത്തിച്ചുവരുന്ന, ട്രാവൻകൂർ–കൊച്ചിൻ ലിറ്റററി, സയൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് നിയമം 1955 പ്രകാരം 27.03.2002 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സർക്കാരിതര സംഘടനയാണ് രാജഗിരി ഔട്ട്റീച്ച്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ ഒരു സാമൂഹ്യ സേവന വിഭാഗമായി രാജഗിരി ഔട്ട്റീച്ച് പ്രവർത്തിക്കുന്നു. സാമൂഹ്യ സേവന പ്രവർത്തനങ്ങളോടൊപ്പം, വിവിധങ്ങളായ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും രാജഗിരി ഔട്ട്റീച്ച് ചെയ്യുന്നുണ്ട്. RFCTLARR-2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി ഔട്ട്റീച്ചിന് ലഭിച്ചിട്ടുണ്ട്.

2026 ഫെബ്രുവരി 02 തീയതിയിലെ നമ്പർ 412, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ 2026 ജനുവരി 29 തീയതിയിലെ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2 പ്രകാരം കോമളംപാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**മീന കുരുവിള**
ചെയർപേഴ്സൺ (SIA)

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയി ച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം, പാലങ്ങൾ, കലുങ്കുകൾ എന്നിവ രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

പത്തനംതിട്ട ജില്ലയിൽ പ്രളയത്തിൽ അനുബന്ധ റോഡ് തകർന്ന് ഗതാഗതം നിലച്ച കോമളം പാലം പൊളിച്ച്, ഉയരത്തിൽ പുതിയ പാലവും അനുബന്ധ റോഡും നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. 2021 ഒക്ടോബറിൽ അപ്രതീക്ഷിതമായി മണിമലയാറ്റിൽ ഉണ്ടായ പ്രളയത്തിൽ സെമി സബ്മേഴ്സിബിൾ പാലം ആയി നിർമ്മി ച്ചിരുന്ന കോമളം പാലത്തിലെ തൂണുകൾക്കിടയിൽ മരകഷണങ്ങളും മുളച്ചില്ലകളും വന്നടിഞ്ഞ് ജലത്തിൻെറ കുത്തൊഴുക്കിൽ അനുബന്ധ റോഡ് തകർന്ന് യാത്രാമാർഗ്ഗം നഷ്ടപ്പെട്ടു. തുരുത്തിക്കാട്, അമ്പാട്ട് ഭാഗം, വെണ്ണിക്കുളം തുടങ്ങിയ സ്ഥലങ്ങളിലേയും, സമീപ പ്രദേശങ്ങളിലേയും ജനങ്ങൾക്ക് റാന്നി – വെണ്ണിക്കുളം – ഇരവിപേരൂർ റോഡിലെ കോമളം കവലയിലേക്ക് എത്തുന്നതിനുള്ള പ്രധാന സഞ്ചാര മാർഗ്ഗമായി രുന്നു കോമളം പാലം. ഈ പാലത്തിൻെറ വെൽ ക്യാപ്പുകൾ തമ്മിലുള്ള അകലം കുറവായതിനാൽ വീണ്ടും വെള്ളപ്പൊക്കം ഉണ്ടായാൽ പാലത്തിന് ബലക്ഷയം വരാൻ സാധ്യതയുള്ളതിനാൽ നിലവിലുള്ള പാലം പൊളിച്ച്, ഉയരത്തിലുള്ള പുതിയ പാലം പണിയണമെന്ന് വിദഗ്ധ അഭിപ്രായം ഉയർന്ന് വരികയും, തുടർന്ന് പാലം പണിയു ന്നതിന് തുക വിലയിരുത്തി, സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക അനുവദി ക്കുകയും, 10.18 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു.

പദ്ധതി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിൻെറ പ്രാധാന്യം മനസ്സിലാക്കി, പദ്ധതി ബാധിത ഭൂവുടമകളുടെ സമ്മതത്തോടെയും, പ്രദേശവാസികളുടെയും, പൊതുജനങ്ങ ളുടെയും, അന്നത്തെ തിരുവല്ല എം.എൽ.എ അഡ്വക്കേറ്റ്. മാത്യു ടി തോമസ്

ഉൾപ്പടെയുള്ള ജനപ്രതിനിധികളുടേയും അഭ്യർത്ഥന കണക്കിലെടുത്ത് കൊണ്ടും പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണ പ്രവർത്തി അടിയന്തിര പ്രാധാന്യത്തോട് കൂടി ആരംഭിക്കുകയും, 2026 ഫെബ്രുവരി മാസത്തിൽ പദ്ധതി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുകയും ചെയ്തു.

പ്രദേശത്ത് നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരുന്ന ഗതാഗത പ്രശ്നങ്ങൾക്ക് കോമളം പാലം, അനുബന്ധ റോഡ് നിർമ്മാണം ഒരു പരിഹാരമാണ്. പുതിയ പാലം ഈ റൂട്ടിൽ വാഹന ഗതാഗതത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കുകയും, റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യും.

കോമളം പാലം, അനുബന്ധ റോഡ് നിർമ്മിക്കുന്നതിനായി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്ന് ഏകദേശം 6.10 ആർസ് സ്ഥലം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന ഭൂമി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നുള്ള സ്ഥലങ്ങളാണ്. ടി പദ്ധതി പ്രകാരം നിർമ്മിക്കുന്ന പാലവും, അപ്രോച്ച് റോഡും ഉൾപ്പെടുന്ന പ്രദേശം പുറമറ്റം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ലും കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ലും ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2026 ഫെബ്രുവരി 02 തിയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ പത്തനംതിട്ട ജില്ലാ കളക്ടറുടെ 2026 ജനുവരി 29 തീയതിയിലെ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് കോമളം പാലം, അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും 6.10 ആർസ് സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല: പത്തനംതിട്ട                                             താലൂക്ക്: മല്ലപ്പള്ളി

| ക്രമ നമ്പർ | വില്ലേജ് & ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | വിവരണം | ഏകദേശ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | കല്ലൂപ്പാറ | 359/15, 359/15-1, 359/18 | പുരയിടം | 03.30 |
| 2 | പുറമറ്റം | | പുരയിടം | 02.80 |
| | **ആകെ** | | | **06.10 ആർസ്** |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പാലത്തിനിരുവശവും നിലവിലുള്ള റോഡുകളെ വളവുകളില്ലാതെ ബന്ധിപ്പിക്കുന്ന വിധത്തിലാണ് പുതിയ പാലത്തിന്റെയും അനുബന്ധ റോഡിന്റെയും അലൈൻമെൻറ് ഡിസൈൻ ചെയ്തിരിക്കുന്നത്. കൂടാതെ, നിലവിലെ അലൈൻമെൻറ് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ ഉണ്ടാകുന്ന ആഘാതം പരിമിതമാണ്. ആയതിനാൽ പദ്ധതിക്ക് വേണ്ടി ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിന്റെ പ്രസക്തി ഇല്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും 6.10 ആർസ് സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് ചെറിയ തോതിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ട് ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പദ്ധതിക്കായി പുതിയ പാലവും അനുബന്ധ റോഡും നിർമ്മിക്കുമ്പോൾ സ്ഥലം നഷ്ടപ്പെടുന്ന കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിലെ 2 സ്വകാര്യ ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്.

പദ്ധതി ബാധിത ഭൂവുടമകൾ നൽകിയ വിവരം അനുസരിച്ച്, ഭൂമിയുടെ അളവ് കുറയുക എന്നതാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടായിട്ടുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതം.

**1.6. ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |

# അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

പത്തനംതിട്ട ജില്ലയിൽ പുറമറ്റം, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന 1987 ൽ നിർമ്മിച്ച കോമളം പാലം, 2021 ഒക്ടോബറിൽ മണിമലയാറ്റിൽ ഉണ്ടായ പ്രളയത്തിൽ തുരുത്തിക്കാട് കരയിലുള്ള സമീപന പാതയും അതിനോട് ചേർന്നുണ്ടായിരുന്ന കരയും ഉൾപ്പടെ 35 മീറ്ററോളം ഒലിച്ച് പോയി. സെമി സബ്മേഴ്സിബിൾ പാലം ആയി നിർമ്മിച്ചിരുന്ന പാലത്തിൻെറ വെൽ ക്യാപ്പുകൾ തമ്മിലുള്ള അകലം കുറവായതിനാൽ പാലത്തിലെ തൂണുകൾക്കിടയിൽ മരകഷണങ്ങളും മുളച്ചില്ലകളും വന്നടിഞ്ഞാണ് ജലത്തിൻെറ കുത്തൊഴുക്കിൽ അനുബന്ധ റോഡ് ഇല്ലാതായത്. വീണ്ടും വെള്ളപ്പൊക്കം ഉണ്ടായാൽ പാലത്തിന് ബലക്ഷയം വരാൻ സാധ്യതയുള്ള തിനാൽ നിലവിലുള്ള പാലം പൊളിച്ച് പുതിയ ഉയരത്തിലുള്ള പാലം പണിയണമെന്ന് വിദഗ്ധ അഭിപ്രായം ഉയർന്ന് വന്നിരുന്നു. ഇതേ തുടർന്ന് പാലം പണിയുന്നതിന് തുക വിലയിരുത്തി, സംസ്ഥാന ബജറ്റിൽ 20 ശതമാനം അനുവദിക്കുകയും, 10.18 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു.

പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പദ്ധതി ബാധിത ഭൂവുടമകളുടെ സമ്മതത്തോടെയും, പ്രദേശവാസികളുടെയും, പൊതുജനങ്ങളുടെയും, അന്നത്തെ തിരുവല്ല എം.എൽ.എ അഡ്വക്കേറ്റ് മാത്യു ടി തോമസ് ഉൾപ്പടെയുള്ള ജനപ്രതിനിധികളുടേയും ശ്രമഫലമായി പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണ പ്രവർത്തി അടിയന്തിര പ്രാധാന്യത്തോട് കൂടി പൂർത്തീകരിച്ചു. 2023 ജൂൺ 7 ന് മന്ത്രി പി. മുഹമ്മദ് റിയാസ് പുതിയ പാലത്തിൻെറ നിർമ്മാണോത്ഘാടനം നടത്തി.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി, സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ വിജ്ഞാപനം 2026 ഫെബ്രുവരി 2 തീയതിയിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സർക്കാർ മരാമത്ത് പണികളുടെ ഡിസൈനിങ്ങ്, ആസൂത്രണം, നിർമ്മാണ നിർവഹണം, അറ്റകുറ്റ പണികൾ നടത്തൽ, മേൽനോട്ടം, എന്നിവ നിർവ്വഹിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നിയമപരമായ സ്ഥാപ

നമായ പൊതുമരാമത്ത് വകുപ്പ്, പാലം വിഭാഗമാണ് പദ്ധതിയുടെ നിർവ്വാഹകർ. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ, ജനറൽ പത്തനംതിട്ട ആയിരിക്കും.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

പത്തനംതിട്ട ജില്ലയിൽ മണിമലയാറിന് ഇരുവശത്തുമുള്ള പുറമറ്റം, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെള്ളപ്പൊക്കത്തിൽ അനുബന്ധ റോഡ് തകർന്ന് ഗതാഗതം നിലച്ച നിലവിലുണ്ടായിരുന്ന കോമളം പാലത്തിന് പകരമായി പുതിയ പാലം പണിയുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിലും, പുറമറ്റം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ലും ഉൾപ്പെടുന്നു. നിലവിലുണ്ടായിരുന്ന പാലത്തിൻെറ തൂണുകൾ തമ്മിലുള്ള അകലം 5 മീറ്ററും, ഇവ തമ്മിൽ ബന്ധിപ്പിച്ച് 10.75 മീറ്റർ വീതമുള്ള 5 സ്പാനുകളാണുണ്ടായിരുന്നത്. പാലത്തിൻെറ ആകെ നീളം 53.75 മീറ്ററും, കാരേജ് വേ 4.5 മീറ്ററുമായിരുന്നു.

പുതിയ പാലത്തിന് രണ്ട് വരി പാത ഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ 11 മീറ്റർ വീതിയാണുള്ളത്. പാലത്തിന് ഇരുവശങ്ങളിലുമായി 50 മീറ്റർ വീതം നീളത്തിൽ അനുബന്ധ റോഡും ഉണ്ടായിരിക്കുന്നതാണ്. പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട്, പുതിയ പാലത്തിൻെറ നിർമ്മാണത്തിനും, അനുബന്ധ റോഡിൻെറ വികസനത്തിനും വേണ്ടി 10.18 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പാലത്തിനിരുവശവും നിലവിലുള്ള റോഡുകളെ വളവുകളില്ലാതെ ബന്ധിപ്പിക്കുന്ന വിധത്തിലാണ് പുതിയ പാലത്തിൻെറയും അനുബന്ധ റോഡിൻെറയും അലൈൻമെൻറ് ഡിസൈൻ ചെയ്തിരിക്കുന്നത്. കൂടാതെ, നിലവിലെ അലൈൻമെൻറ് പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ ഉണ്ടാകുന്ന ആഘാതം പരിമിതമാണ്. ആയതിനാൽ പദ്ധതിക്ക് വേണ്ടി ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൻെറ പ്രസക്തി ഇല്ല.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണം ഒറ്റ ഘട്ടത്തിൽ പൂർത്തികരിക്കുകയും, RFCTLARR ACT 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അടുത്ത ഘട്ടത്തിൽ ആരംഭിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ദിഷ്ട പദ്ധതിയുടെ നിലവിലെ രൂപരേഖ പ്രകാരം പുതിയ പാലത്തിന് രണ്ട് വരി പാത ഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ 7.50 മീറ്റർ വീതിയിൽ ക്യാരേജ് വേയും, ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയുമടക്കം ആകെ 11 മീറ്റർ വീതിയുമാണുള്ളത്. പാലത്തിന് ഇരുകരകളിലുമായി മൂന്ന് ലാൻറ് സ്പാനുകളും (13.325m x 2 + 12.500m x 1), മധ്യത്തിലായി മൂന്ന് (30.725m x 2 + 32.0m x 1), സ്പാനുകളുമുണ്ട്. പാലത്തിന് ഇരുവശങ്ങളിലുമായി 50 മീറ്റർ വീതം നീളത്തിൽ അനുബന്ധ റോഡും നിർമ്മിച്ചിട്ടുണ്ട്. അനുബന്ധ റോഡിന് റീറ്റെയ്നിങ്ങ് വാളും, തീരസംരക്ഷണ പ്രവർത്തനങ്ങളും, റോഡ് സുരക്ഷ മാർക്കിങ്ങുകളും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, എം.എൽ.എ ഫണ്ട് ഉപയോഗപ്പെടുത്തി പാലത്തിൽ വഴിവിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിലവിൽ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ച ഘട്ടത്തിൽ, മറ്റ് അനുബന്ധ അടിസ് ഥാന സൗകര്യങ്ങളുടെ ആവശ്യകത ശ്രദ്ധയിൽ പെട്ടിട്ടില്ല.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് പൊതുമരാമത്ത് വകുപ്പ് കരാറുകാരനെ നിയമിക്കുകയും, കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനു

സരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി ഔട്ട്റീച്ച് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി സൈറ്റ് സർവ്വെ, അലൈൻമെൻറ് പ്ലാനിങ്ങ്, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ നടത്തിയിട്ടുണ്ട്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

പത്തനംതിട്ട ജില്ലയിൽ മണിമലയാറിന് കുറുകെ പുറമറ്റം, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോമളംപാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മല്ലപ്പള്ളി താലൂക്കിലെ തിരുവല്ല, കാവുംഭാഗം വില്ലേജുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഏകദേശം 6.10 ആർസ് ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കു ന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന്റെ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് 2026 ഫെബ്രുവരി 02 തീയതിയിലെ നമ്പർ 412, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പത്തനംതിട്ട ജില്ലാ കളക്ടർ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ യൂണിറ്റിന്റെ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷയായ രാജഗിരി ഔട്ട്റീച്ചിന്റെ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേ കളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. കൺസൾട്ടൻറ് (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യു, ചെയർപേഴ്സൺ | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതി ശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത ഭൂവുടമകൾക്കും മറ്റ് വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത ഭൂവുടമയുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത ഭൂവുടമയുമായി ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പദ്ധതി ബാധിത ഭൂമിയുടെ ഉടമകളുമായി പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, ഭൂവുടമയുടെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഭൂവുടമക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് (പാലം) വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമകളുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത ഭൂവുടമക്കും, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഭൂവുടമകളൊ, ജനപ്രതിനിധികളൊ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ

മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും, പദ്ധതി ബാധിത സ്ഥലങ്ങൾ നിരീക്ഷിക്കുകയും, പദ്ധതി ബാധിത ഭൂമിയുടെ ഉടമകളെ കണ്ടെത്തുകയും, അവരിൽ നിന്ന് സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം സ്വകാര്യ ഭൂവുടമകൾക്കും, പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിതരുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, പദ്ധതി ബാധിത ഭൂവുടമകളെ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിച്ച വിവരങ്ങളും ഇതോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് വകുപ്പ്, (പാലം) വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), പത്തനംതിട്ട കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

### 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത ഭൂവുടമകളുമായി അഭിമുഖം
- ജനപ്രതിനിധികളുമായും മറ്റ് പ്രദേശവാസികളുമായും അഭിമുഖം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- പബ്ലിക് ഹിയറിങ്ങ്
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

**പബ്ലിക് ഹിയറിങ്ങ്**

പത്തനംതിട്ട ജില്ലയിൽ പ്രളയത്തിൽ അനുബന്ധ റോഡ് തകർന്ന് ഗതാഗതം നിലച്ച കോമളം പാലം പൊളിച്ച്, പുതിയ പാലം, അനുബന്ധ റോഡ് പണിയുന്നതിനായി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്ന് ഏകദേശം 6.10 ആർസ് ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന്, ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 29.07.2026 തീയ്യതി തുരുത്തിക്കാട് പുളിമ്പള്ളിൽ ശ്രീ. ജി രാജേഷിൻെറ വസതിയിൽ വച്ച് പബ്ലിക് ഹിയറിംഗ് സംഘടിപ്പിച്ചു.

രാവിലെ 11.30 ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, കോർഡിനേറ്റർ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി

ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിക്കുകയും, പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.







കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ.കെ.ബി രാമചന്ദ്രൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പുറമറ്റം ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി റെനി സനിൽ പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.





തുടർന്ന്, ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട് ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളെ കുറിച്ച് സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, പത്തനംതിട്ട ശ്രീ. സുനിൽ കെ.സി സംസാരിച്ചു. തുടർന്ന്, ആശങ്കകൾ / സംശയങ്ങൾ പങ്ക് വക്കുന്നതിനായി ഭൂവുടമകളെ ക്ഷണിച്ചു.

പുറമറ്റം വില്ലേജിൽ ഭൂമി നഷ്ടപ്പെടുന്ന ശ്രീ. കോശി കെ.ജെ, കൈപ്പുഴശ്ശേരിൽ ഹൗസ്, ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന അത്രയും സ്ഥലം അദ്ദേഹത്തിന് നഷ്ടപ്പെടുന്നുണ്ടോ

എന്ന സംശയം പ്രകടിപ്പിച്ചു. കല്ലൂപ്പാറ വില്ലേജിൽ നിന്നും ശ്രീ രാജേഷ് ജി ഉന്നയിച്ച സംശയം നദിക്കരയിൽ ഭിത്തി കെട്ടിയ സ്ഥലത്ത് നിന്ന് 3 മീറ്റർ കൂടി പുറമ്പോക്ക് സ്ഥലമായി ഏറ്റെടുക്കുമൊ എന്നതാണ്.






പദ്ധതി ബാധിത ഭൂവുടമകളുടെ സംശയങ്ങൾക്കുള്ള മറുപടിയായി 11 (1) വിജ്ഞാപനം പബ്ലിഷ് ചെയ്യുന്നതിന് മുൻ പായി ഒരിക്കൽ കൂടി ഭൂമി അളന്ന് തിട്ടപ്പെടുത്തുമെന്നും, നഷ്ടപ്പെടുന്ന ഭൂമിയുടെ കൃത്യമായ അളവ് ഭൂവുടമകളെ അറിയിക്കുമെന്നും

സ്പെഷ്യൽ തഹസിൽദാർ മറുപടി നൽകി. മരങ്ങൾ / ഫല വൃക്ഷങ്ങൾ എന്നിവ പ്രളയത്തിൽ നഷ്ടപ്പെട്ടതാണ് എന്നതിനാൽ നിലവിലെ ഭൂമി ഏറ്റുടുക്കൽ നടപടികളിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് ഭൂവുടമകളും ഉദ്യോഗസ്ഥരും പരസ്പരം സംസാരിച്ച് തീരുമാനമെടുത്തു. പദ്ധതിയുടെ മറ്റ് സാങ്കേതിക വശങ്ങളെ കുറിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം, തിരുവല്ല ഡിവിഷനിൽ നിന്നും പങ്കെടുത്ത അസിസ്റ്റൻറ് എഞ്ചിനീയർ സ്മിത.ആറും യോഗത്തിൽ സംസാരിച്ചു.








യോഗത്തിൽ പങ്കെടുത്തവർക്ക് ശ്രീ. വിനയൻ വി.എസ് നന്ദി പ്രകടിപ്പിച്ചു. യോഗം കൃത്യം 12.45 ന് അവസാനിച്ചു.

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

പത്തനംതിട്ട ജില്ലയിൽ പ്രളയത്തിൽ അനുബന്ധ റോഡ് തകർന്ന് ഗതാഗതം നിലച്ച കോമളം പാലം പൊളിച്ച്, ഉയരത്തിൽ പുതിയ പാലവും അനുബന്ധ റോഡും നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏറ്റെടു ക്കുന്ന പ്രദേശങ്ങൾ പുറമറ്റം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ലും കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ലും ഉൾപ്പെടുന്നു. മണിമലയാറിന് കുറുകെ നിലവിലു ണ്ടായിരുന്ന, ഉയരം കുറഞ്ഞ പാലം 1987 ൽ നിർമ്മിച്ചതാണ്. 2021 ഒക്ടോബറിൽ അപ്രതീക്ഷിതമായി മണിമലയാറ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ തുരുത്തിക്കാട് കരയിലുള്ള സമീപന പാതയും അതിനോട് ചേർന്നുണ്ടായിരുന്ന കരയും ഉൾപ്പടെ 35 മീറ്ററോളം ഒലിച്ച് പോയി. തുരുത്തിക്കോട്, അമ്പാട്ട് ഭാഗം, മരേട്ട് തോപ്പ്, കോമളം, കുംഭമല തുടങ്ങിയ പ്രദേശങ്ങളിലുള്ള നിരവധി കുടുംബങ്ങളെയാണ് പാലം തകർന്നത് ബാധിച്ചത്. വെണ്ണിക്കുളം ഗവ. പോളി ടെക്നിക്, വെണ്ണിക്കുളം എസ്.ബി ഹയർ സെക്കണ്ടറി സ്കൂൾ, തുരുത്തിക്കാട് ബി.എ.എം കോളേജ്, കല്ലൂപ്പാറ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിങ്ങ് കോളേജ്, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർ ത്ഥികൾ കോമളം പാലത്തേയാണ് ആശ്രയിച്ചിരുന്നത്. തിരുവല്ല റെയിൽവേ സ്റ്റേഷ നിൽ നിന്ന് ഏകദേശം 11.5 കിലോമീറ്റർ ദൂരത്തിൽ വെണ്ണിക്കുളത്തിന് സമീപമാണ് കോമളം പാലം സ്ഥിതി ചെയ്യുന്നത്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം
*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നുമായി 6.10 ആർസ് സ്ഥലം ഏറ്റെടുക്കുമ്പോൾ രണ്ട് ഭൂവുടമകൾക്ക് ഭൂമിയുടെ അളവിൽ കുറവുണ്ടാവുക, എന്ന ആഘാതം ഉണ്ടാകുന്നതൊഴിച്ചാൽ, ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

**4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതിയുടെ അർത്ഥനാധികാരിയായ ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് (പാലം) വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച അർത്ഥനാപത്രത്തിൽ 6.10 ആർസ് സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറഞ്ഞിട്ടുള്ളത്. പദ്ധതിക്ക് ആവശ്യ മായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

**4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പൊതു വിനിയോഗത്തിലുള്ള സ്ഥലം ഇല്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗൂണവും പ്രദേശവും**

നാളത് ഭൂസ്ഥിതി പ്രകാരം പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഏറ്റെടുക്കുന്ന 6.10 ആർസ് ഭൂമി പൂർണ്ണമാ യും പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളെല്ലാം നിലവിലുള്ള റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളാണ്. പദ്ധതി പ്രദേശങ്ങൾ പുറമറ്റം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ലും കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ലും ഉൾപ്പെടുന്നതും എല്ലാവിധ അടിസ്ഥാന സൗകര്യങ്ങ ളുടെയും പ്രാപ്യതയുള്ളതുമാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ ഉടമകളിൽ നിന്ന് ലഭിച്ച വിവരമനു സരിച്ച് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കുടുംബങ്ങൾ പറമ്പായൊ, കൃഷി ക്കായൊ ഉപയോഗിച്ചു വരുന്നതാകുന്നു. തെങ്ങ്, പ്ലാവ്, തേക്ക്, മഹാഗണി, ആഞ്ഞിലി എന്നിവയാണ് പ്രദേശത്തെ പ്രധാന വിളകൾ. മണിമലയാറിൽ നിന്നുള്ള വെള്ളമാണ് ജലസേചനത്തിനായി ഉപയോഗിക്കുന്നത്.

**പദ്ധതിബാധിത ഭൂമിയുടെ തരം**

പദ്ധതിബാധിത ഭൂമി പൂർണ്ണമായും പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ ഉപയോഗം വിലയിരുത്തുമ്പോൾ, കൃഷി ക്കായൊ പറമ്പായൊ ഉപയോഗിച്ച് വരുന്നതായിരുന്നു.

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിബാധിതരാകുന്ന ഭൂവുടമകളുടെ പദ്ധതിപ്രദേശത്തെ കൈവശ ഭൂമിയുടെ അളവ് പരിശോദിച്ചാൽ, ഒരു ഭുവുടമക്ക് ഏകദേശം 95.6 സെൻറ് ഭൂമിയും, മറ്റൊരു ഭൂവുടമക്ക് 17 സെൻറ് ഭൂമിയുമാണ് പ്രദേശത്ത് കൈവശം ഉള്ളത്. രണ്ട് ഭൂവുടമകളുടേയും പദ്ധതി ബാധിത ഭൂമി വ്യക്തിഗത ഉടമസ്ഥതയിലുള്ളതാണ്. പ്രധാനമായും കൃഷിക്കായാണ് ഈ ഭൂമി ഉപയോഗിച്ച് വരുന്നത്. വീടുകളൊന്നും തന്നെ പദ്ധതി ബാധിതമാകുന്നില്ല.

### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന ഭൂവുടമകളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. പദ്ധതിക്ക് പരോക്ഷ ആഘാത ബാധിതർ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2026 ഫെബ്രുവരി 02 തീയതിയിലെ നമ്പർ 412, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ 2026 ജനുവരി 29 തീയതിയിലെ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2 പ്രകാരം കോമളം പാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും 6.10 ആർസ് സ്ഥലം ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന രണ്ട് കുടുംബങ്ങളെയാണ് പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | വില്ലേജ് / സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| **കല്ലൂപ്പാറ വില്ലേജ്** | | | |
| 1 | രാജേഷ് ജി<br>പുളിമ്പള്ളിൽ അമ്പാടി,<br>തുരുത്തിക്കാട്, 8606032975 | കല്ലൂപ്പാറ<br>359/18, 359/15<br>359/15-1 | സ്ഥലം |
| **പുറമറ്റം വില്ലേജ്** | | | |
| 2 | കോശി കെ.ജെ കൈപ്പുഴശ്ശേരിൽ ഹൗസ്, വെണ്ണിക്കുളം പി.ഒ<br>7025165532 | പുറമറ്റം<br>250/10 | സ്ഥലം |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

### 5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

### 5.5 3 വർഷമോ അതിലധികമോ ആയി നഗരപ്രദേശത്ത് ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ഏതെങ്കിലും ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന പ്രദേശം നഗര പ്രദേശമല്ല.

### 5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതി മൂലം ജീവനോപാധി നഷ്ടമാകുന്ന കുടുംബങ്ങളൊന്നും പദ്ധതി പ്രദേശത്തില്ല.

### 5.7. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

ഫല വൃക്ഷങ്ങളോ മരങ്ങളൊ പ്രളയത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതിക്ക് വേണ്ടി ഒരു മഹാഗണി മരം മാത്രമാണ് ഒരു ഭൂവുടമക്ക് മുറിക്കേണ്ടി വന്നത്. പദ്ധതി ബാധിതമാകും.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ലും കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ലും ഉൾപ്പെട്ട പ്രദേശങ്ങൾ ആണ്. പുറമറ്റം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യാ പരമായ വിവരങ്ങൾ പരിശോധിച്ചാൽ, 2011 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 14,069 പേരിൽ 6,600 പേർ പുരുഷന്മാരും, 7,409 പേർ സ്ത്രീകളുമാണ്. കൂടാതെ, ജനസംഖ്യയിൽ 12.87% പേർ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരും, 0.16% പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുമാണ്. കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യയായ 18,921 പേരിൽ 9,954 പേർ പുരുഷന്മാരും, 8,967 പേർ സ്ത്രീകളുമാണ്. കൂടാതെ, 1914 പേർ പട്ടിക ജാതി വിഭാഗത്തിൽപെട്ടവരും, 50 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരുമാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ രണ്ട് ഉടമകളിൽ, ഒരാൾ ഹിന്ദുമത ത്തിലും രണ്ടാമത്തെയാൾ ക്രിസ്തുമതത്തിലും ഉൾപ്പെടുന്നു. കൂടാതെ, രണ്ട് കുടുംബ ങ്ങളും പൊതു വിഭാഗത്തിൽ ഉൾപ്പെടുന്നു. പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽ പെട്ട കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

### 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതി ബാധിത കുടുംബങ്ങളിൽ, ഒരു കുടുംബത്തിൻെറ പ്രധാന വരുമാന മാർഗ്ഗം വിദേശത്തെ ജോലിയും രണ്ടാമത്തെ കുടുംബത്തിൻെറ കൃഷിയുമാണ്. രണ്ടു കുടുംബ ങ്ങളും ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്കുള്ള വെള്ള റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്. .

### 6.3. ദുർബലജനവിഭാഗം

ശാരീരിക / മാനസിക ബുദ്ധിമുട്ടുള്ളവർ, ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ തുടങ്ങി മറ്റ് ദുർബല വിഭാഗത്തിൽ പെട്ട അംഗങ്ങൾ പദ്ധതി ബാധിത കുടുംബങ്ങളിൽ ഉള്ളതായി പഠന സംഘത്തിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 2 ഭൂവുടമകളും പദ്ധതിബാധിത ഭൂമി കൃഷിക്കായാണ് ഉപയോഗിക്കുന്നത്.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

കൃഷി, വിദേശ ജോലി എന്നിവയാണ് വിവരം നൽകിയ പദ്ധതിബാധിത കുടുംബ ങ്ങളിലെ പ്രധാന ഉപജീവന മാർഗ്ഗം.

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിത കുടുംബങ്ങൾ അണുകുടുംബങ്ങളാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

#### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

#### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല.

#### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

പത്തനംതിട്ട ജില്ലയിൽ മണിമലയാറിന് കുറുകെ നിലവിലുണ്ടായിരുന്ന കോമളം പാലം പൊളിച്ച്, പുതിയ പാലവും അനുബന്ധ റോഡും നിർമ്മിക്കുക എന്നതാണ് പദ്ധതി. പുറമറ്റം, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോമളം പാലം 1987 ൽ നിർമ്മിച്ചതാണ്. നദിയിലെ ജലനിരപ്പ് ഉയരുമ്പോൾ മുങ്ങിപ്പോകുന്ന ഉയരം കുറഞ്ഞ പാലത്തിൻെറ തൂണുകൾ തമ്മിലുള്ള അകലം 5 മീറ്ററും ഇവ തമ്മിൽ ബന്ധിപ്പിച്ച് 10.75 മീറ്റർ വീതമുള്ള 5 സ്പാനുകളാണുണ്ടായിരുന്നത്. 2021 ഒക്ടോബറിൽ അപ്രതീക്ഷിത മായി മണിമലയാറ്റിൽ ഉണ്ടായ പ്രളയത്തിൽ അനുബന്ധ റോഡ് തകർന്ന് യാത്രാമാർഗ്ഗം

നഷ്ടപ്പെട്ടു. സെമി സബ്മേഴ്സിബിൾ പാലം ആയി നിർമ്മിച്ചിരുന്ന കോമളം പാലത്തിൻെറ വെൽ ക്യാപ്പുകൾ തമ്മിലുള്ള അകലം കുറവായ തിനാൽ പാലത്തിലെ തൂണുകൾക്കിടയിൽ മരകഷണങ്ങളും മുളച്ചില്ലകളും വന്നടിഞ്ഞാണ് ജലത്തിൻെറ കുത്തൊഴുക്കിൽ അനുബന്ധ റോഡ് ഇല്ലാതായത്. തുരുത്തിക്കാട് കരയിലുള്ള സമീപന പാതയും അതിനോട് ചേർന്നുണ്ടായിരുന്ന കരയും ഉൾപ്പ ടെ 35 മീറ്ററോളം ഒലിച്ച് പോയി. തുരുത്തിക്കോട്, അമ്പാട്ട് ഭാഗം, മരേട്ട് തോപ്പ്, കോമളം, കുംഭമല തുടങ്ങിയ തുടങ്ങിയ പ്രദേശങ്ങളിലുള്ള നിരവധി കുടുംബങ്ങ ളെയാണ് പാലം തകർന്നത് ബാധിച്ചത്. ഇവർക്ക് അവശ്യ സാധനങ്ങൾ വാങ്ങുന്നതും, വിദ്യാർത്ഥികൾക്ക് സ്കൂൾ, കോളേജ് എന്നിവിടങ്ങളിലേക്ക് പോകുന്നതും പ്രതിസന്ധി യിലായി. കിലോമിറ്ററുകൾ അധികം ചുറ്റി സഞ്ചരിച്ച് വേണം ഇവർക്ക് ഈ സ്ഥലങ്ങളി ലെത്താൻ. വെണ്ണിക്കുളം ഗവ. പോളി ടെക്നിക്, വെണ്ണിക്കുളം എസ്.ബി ഹയർ സെക്ക ണ്ടറി സ്കൂൾ, തുരുത്തിക്കാട് ബി.എ.എം കോളേജ്, കല്ലൂപ്പാറ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിങ്ങ് കോളേജ്, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർ ത്ഥികൾ കോമളം പാലത്തേയാണ് ആശ്രയിച്ചിരുന്നത്.

നിലവിലുള്ള പാലത്തിൻെറ വെൽ ക്യാപ്പുകൾ തമ്മിലുള്ള അകലം കുറവായതിനാൽ വീണ്ടും വെള്ളപ്പൊക്കം ഉണ്ടായാൽ പാലത്തിന് ബലക്ഷയം വരാൻ സാധ്യതയുണ്ട് എന്നതിനാൽ നിലവിലുള്ള പാലം പൊളിച്ച് പുതിയ ഉയരത്തിലുള്ള പാലം പണിയ ണമെന്ന് വിദഗ്ധ അഭിപ്രായം ഉയർന്ന് വന്നിരുന്നു. ഇതേ തുടർന്ന് പാലം പണിയുന്ന തിന് തുക വിലയിരുത്തി, സംസ്ഥാന ബജറ്റിൽ 20 ശതമാനം അനുവദിക്കുകയും, 10.18 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2023 ജൂൺ 7 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. മുഹമ്മദ് റിയാസ് പുതിയ പാലത്തിൻെറ നിർമ്മാണോത്ഘാടനം നടത്തുകയും, പിന്നീട് 2026 ഫെബ്രുവരി 11 ന് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പാലത്തിൻെറ ഉദ്ഘാടനം നിർവ്വഹിച്ച് പാലം പൊതു ജനങ്ങൾക്കായി തുറന്ന് കൊടു ക്കുകയും ചെയ്തു. പ്രദേശത്ത് നിലവിൽ അനുഭവപ്പെട്ട് കൊണ്ടിരുന്ന ഗതാഗത പ്രശ്നങ്ങൾക്ക് കോമളം പാലം, അനുബന്ധ റോഡ് നിർമ്മാണം ഒരു പരിഹാരമാണ്. പുതിയ പാലം ഈ റൂട്ടിൽ വാഹന ഗതാഗതത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കുകയും, റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 7.1. ഓരോ പ്രത്യാഘാത ദൂരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

കോമളംപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് പത്തനംതിട്ട ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ, (ജനറൽ), പത്തനംതിട്ട ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി

ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും, പുനരധിവാസ പുനസ്ഥാപന പാക്കേജും (പാക്കേജ് ഇവിടെ ബാധകമല്ല.) പദ്ധതി ബാധിത വ്യക്തിക്ക് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയായ രാജഗിരി ഔട്ട്റീച്ചിനെ കോമളംപാലം, അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2026 ഫെബ്രുവരി 02 തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2 പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**8.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തി കളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

**8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- ഭൂമിയേറ്റെടുക്കൽ / നഷ്ടപരിഹാര നടപടികൾ

## 9.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, പത്തനംതിട്ട പദ്ധതിയുടെ പുനരധിവാസ– പുനസ്ഥാപന സ്കീമിന്റെ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ എൽ.എ, (ജനറൽ) പത്തനംതിട്ട ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ– പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 10

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 10.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

പത്തനംതിട്ട ജില്ലയിൽ 2021 ഒക്ടോബറിൽ അപ്രതീക്ഷിതമായി മണിമലയാറ്റിൽ ഉണ്ടായ പ്രളയത്തിൽ അനുബന്ധ റോഡ് തകർന്ന് യാത്രാമാർഗ്ഗം നഷ്ടപ്പെട്ട കോമളം പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി. പുറമറ്റം, കല്ലൂപ്പാറ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പാലം തകർന്നത് ബാധിച്ചത് തുരുത്തിക്കോട്, അമ്പാട്ട് ഭാഗം, മരേട്ട് തോപ്പ്, കോമളം, കുംഭമല തുടങ്ങിയ തുടങ്ങിയ പ്രദേശങ്ങളിലുള്ള നിരവധി കുടുംബങ്ങളെയാണ്. ഇവർക്ക് അവശ്യ സാധനങ്ങൾ വാങ്ങുന്നതും, വിദ്യാർത്ഥികൾക്ക് സ്കൂൾ, കോളേജ് എന്നിവിടങ്ങളിലേക്ക് പോകുന്നതും പ്രതിസന്ധിയിലായി. കിലോമീറ്ററുകൾ അധികം ചുറ്റി സഞ്ചരിച്ച് വേണം ഇവർക്ക് ഈ സ്ഥലങ്ങളിലെത്താൻ. സെമി സബ്മേഴ്സിബിൾ പാലം ആയി നിർമ്മിച്ചിരുന്ന പാലത്തിന്റെ വെൽ ക്യാപ്പുകൾ തമ്മിലുള്ള അകലം കുറവായതിനാൽ പാലത്തിലെ തൂണുകൾക്കിടയിൽ മരകഷണങ്ങളും മുളച്ചില്ലകളും വന്നടിഞ്ഞാണ് ജലത്തിന്റെ കുത്തൊഴിക്കിൽ അനുബന്ധ റോഡ് ഇല്ലാതായത്. നദിയിലെ ജലനിരപ്പ് ഉയരുമ്പോൾ മുങ്ങിപ്പോകുന്ന ഉയരം കുറഞ്ഞ ഈ പാലം 1987 ൽ നിർമ്മിച്ചതാണ്. വീണ്ടും വെള്ളപ്പൊക്കം ഉണ്ടായാൽ പാലത്തിന് ബലക്ഷയം വരാൻ സാധ്യതയുള്ളതിനാൽ നിലവിലുള്ള പാലം പൊളിച്ച് പുതിയ ഉയരത്തിലുള്ള പാലം പണിയണമെന്ന് വിദഗ്ധ അഭിപ്രായം ഉയർന്ന് വന്നിരുന്നു. ഇതേ തുടർന്ന് പാലം പണിയുന്നതിന് തുക വിലയിരുത്തി, സംസ്ഥാന ബജറ്റിൽ 20 ശതമാനം അനുവദിക്കുകയും, 10.18 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു.

പുതിയ പാലം നിർമ്മിക്കുന്നതിന് കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഏകദേശം 6.10 ആർസ് സ്ഥലം ഏറ്റെടുക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുക എന്ന

പ്രത്യാഘാതം ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകൾക്കും പൊതുജനങ്ങൾക്കും പദ്ധതിയെക്കുറിച്ച് വളരെ അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

പുതിയ പാലം വളരെ നാളുകളായുള്ള പ്രദേശവാസികളുടെ ഗതാഗത പ്രശ്നങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. വാഹന ഗതാഗതത്തിൽ ഭാവിയിൽ വലിയ വർദ്ധനവ് തന്നെ ഈ റൂട്ടിൽ ഉണ്ടാകും. ഈ പദ്ധതി പ്രദേശവാസികളായ യാത്രക്കാർ ക്ക് യാത്രാസമയം, ഇന്ധനചെലവ് എന്നിവ കുറക്കുകയും റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടുത്തുകയും ചെയ്യും. ഗതാഗതം സുഗമമാക്കൽ, പ്രദേശത്തിൻെറ സമഗ്രവികസനം തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### 10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കോമളംപാലം, അനുബന്ധ റോഡ് നിർമ്മിക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഏകദേശം 6.10 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാത ങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം 2 കുടുംബങ്ങൾക്ക് മേൽപറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി, പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾക്ക് വലിയ ഒരു പരിഹാരമാകും എന്നത് കൊണ്ടും, പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാലും പദ്ധതിബാധിത ഭൂവുടമകൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും പദ്ധതിബാധിത

ഭൂവുടമകൾക്ക് ന്യായമായ നഷ്ടപ രിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിട യുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. കൂടാതെ, നിർദ്ദിഷ്ട ഭൂമി ഏറ്റെടു ക്കൽ, നഷ്ടപരിഹാര നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കികൊണ്ട് ഭൂവുടമ കൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകണമെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം

5. 2026 ഫെബ്രുവരി 02 തീയതിയിലെ നമ്പർ 412, വാല്യം 15 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ 2026 ജനുവരി 29 തീയതിയിലെ വിജ്ഞാപനം നമ്പർ DCPTA/2097/2023-C2

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം

# അദ്ധ്യായം 11

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

**11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം**

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, പദ്ധതി സ്ഥലത്ത് നിർമ്മാണ പ്രവർത്തി നടത്തിയത് മൂലം പ്രധാനമായും ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും, പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു.

പഠനത്തിന്റെ അടുത്ത ഘട്ടമായ് **29.07.2026 ബുധനാഴ്ച രാവിലെ 11.30** ന് പദ്ധതി ബാധിത ഭൂവുടമയായ ശ്രീ. രാജേഷ് ജി യുടെ വസതിയിൽ വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്തും പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടും പദ്ധതിയുമായി ബന്ധപ്പെട്ടും പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

**11.2.ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട കല്ലൂപ്പാറ, പുറമറ്റം വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിട യുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തി ൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാ മസം കൂടാതെ നടപ്പിലാക്കുക.

**11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കോമളം പാലം അപ്രോച്ച് റോഡ് അനുബന്ധ റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ബാധകമല്ല.

### 11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ നിർമ്മാണ പ്രവർത്തി നിലവിൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ ഇത് ബാധകമല്ല.

### 11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെ ടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശക ലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 11.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാ ര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃ | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുട മകളെ ബോധ്യപ്പെടുത്തൽ |

| | | | | |
|---|---|---|---|---|
| | | | സ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | |

**11.7.സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല